"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - കൊയിലാണ്ടി താലൂക്ക് പഞ്ചായത്ത് ഓഫീസർ ആയി വിരമിച്ച പി.വി. ഗോപാലൻ (Late)-ന്റെ കുടുംബപെൻഷൻ അവിവാഹിതയായ മകൾ കുമാരി ഷീലാരത്നം ജി. ക്ക് അനുവദിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1944/2025/LSGD തീയതി,തിരുവനന്തപുരം, 06-08-2025

---

പരാമർശം:-
1. കുമാരി ഷീല രത്നം ജി. യുടെ 12.03.2024 ലെ അപേക്ഷ
2. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 23.04.2025 ലെ LSGD/PD/10309/2025-PENB2 നം. കത്ത്

**<u>ഉത്തരവ്</u>**

കോഴിക്കോട് ജില്ലയിൽ കൊയിലാണ്ടി താലൂക്ക് പഞ്ചായത്ത് ഓഫീസർ തസ്തികയിൽ ജോലി ചെയ്തുവരവേ 31/03/1983-ൽ വിരമിച്ച പി.വി. ഗോപാലൻ- ന്റെ കുടുംബപെൻഷൻ 13.05.2024-ൽ മരണപ്പെട്ട ടിയാന്റെ ഭാര്യയുടെ പേരിൽ നിന്നും അവിവാഹിതയായ മകൾ കുമാരി ഷീലാരത്നം ജി. യുടെ പേരിലേക്ക് മാറ്റി അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് കുമാരി ഷീലാരത്നം ജി. സമർപ്പിച്ച പരാമർശം 1 അപേക്ഷ പരാമർശം 2 പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പിതാവിന്റെ കുടുംബ പെൻഷൻ ലഭിക്കുന്നതിനാവശ്യമായ എല്ലാ രേഖകളും നിശ്ചിത സമയ പരിധിക്കുള്ളിൽത്തന്നെ അപേക്ഷക ഹാജരാക്കിയിട്ടുള്ളതിനാൽ തദ്ദേശ സ്വയംഭരണ വകുപ്പ് കോഴിക്കോട്, കൊയിലാണ്ടി താലൂക്ക് പഞ്ചായത്ത് ഓഫീസർ തസ്തികയിൽ നിന്നും 31/03/1983-ൽ വിരമിച്ച പരേതനായ പി.വി. ഗോപാലന്റെ കുടുംബ പെൻഷൻ ടിയാന്റെ മകൾ കുമാരി ഷീലാരത്നം ജി. ക്ക്, അനന്തരാവകാശികളുടെ സമ്മതപത്രം (നോട്ടറി സാക്ഷ്യപ്പെടുത്തിയ അഫിഡവിറ്റ്) ലഭ്യമാണെന്ന് ഉറപ്പുവരുത്തിയ ശേഷം, 01/06/2024 മുതൽ അനുവദിച്ച് നൽകുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
കുമാരി ഷീല രത്നം ജി., Gee Sree വിഹാർ, മുത്താമ്പി റോഡ്,
കൊയിലാണ്ടി പി ഒ., കോഴിക്കോട്-673305
*(തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)*
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്),കേരള
(തിരുവനന്തപുരം / തൃശ്ശൂർ)

ധനകാര്യ വകുപ്പ് (12.06.2025 ലെ 3161488/DEV-3/131/2025-Fin പ്രകാരം)

വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by

Riju M Das

Date: 06-08-2025 11:06:49

സെക്ഷൻ ഓഫീസർ